529/2019 C- 2
20.02.2019

# സർക്കുലർ
# അത്മായനേതൃസംഗമം

ഈശോയിൽ വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ

സീറോ മലബാർ സഭയുടെ അത്മായ പ്രേഷിതദൗത്യത്തെ ഏകോപിപ്പിക്കുവാനും ശക്തമാക്കുവാനുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഭയുടെ കരുത്തുറ്റ സമുദായ സംഘടനയാണല്ലോ കത്തോലിക്കാ കോൺഗ്രസ്സ്. ക്രിസ്തീയ മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് സഭയുടെയും സമുദായത്തിന്റെയും ന്യായമായ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നതിനും യത്നിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ ഈ സംഘടന സമീപകാല സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളെ വിലയിരുത്തുന്നതിനും അതിന്റെ വെളിച്ചത്തിൽ കൈക്കൊള്ളേണ്ട നിലപാടുകളെയും കർമ്മപദ്ധതികളെയും കുറിച്ച് ഉറക്കെ ചിന്തിക്കുന്നതിനുമായി അതിരൂപതാതലത്തിൽ ഒരു അത്മായ നേതൃസംഗമം സംഘടിപ്പിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. മാർച്ച് 3ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ടൗൺ ഹാളിൽ വച്ചാണ് ഈ അത്മായ നേതൃസംഗമം നടത്തപ്പെടുന്നത്.

സഭയും സമൂഹവും ഗൗരവതരമായ പ്രശ്നങ്ങൾ നേരിടുമ്പോൾ അതിനോട് പ്രതികരിക്കാനും സമൂഹത്തിന്റെ ഭാവിക്കും സ്വാതന്ത്ര്യത്തിന്റെ പരിരക്ഷയ്ക്കും ജനാധിപത്യമൂല്യങ്ങളുടെ സംരക്ഷണത്തിനും വേണ്ടി ശബ്ദമുയർത്തുവാനും ക്രിയാത്മക നടപടികൾ സ്വീകരിക്കുവാനും നമുക്കേവർക്കും അവകാശവും കടമയുമുണ്ട്.

ഈയടുത്ത കാലത്തായി ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങളെ നശിപ്പിക്കുന്ന ചില നയങ്ങൾ ഭരണവ്യവസ്ഥകളിലേക്ക് കടന്നുവരുന്നതായി കാണുന്നു. പൊതുധാരണകൾക്കും സത്യങ്ങൾക്കും വിരുദ്ധമായ ആശയപ്രചരണങ്ങളും സാമൂഹികമായ ഐക്യത്തെ തകർക്കുന്ന വ്യവസ്ഥകളും ന്യൂനപക്ഷാവകാശ ലംഘനങ്ങളും അധികാര ദുർവിനിയോഗവും തെല്ലൊന്നുമല്ല കേരള സമൂഹത്തെയും പ്രത്യേകിച്ച് കത്തോലിക്കാസഭയെയും അസ്വസ്ഥമാക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിനും വിശ്വാസികൾക്കും മുറിവുണ്ടാക്കുന്ന ഓരോ സാഹചര്യത്തെകുറിച്ചും നമുക്ക് അവബോധം ഉണ്ടാകണം. നമ്മുടെ ഉത്കണ്ഠകളും വേദനകളും ഉചിതമായ രീതിയിൽ വേണ്ടപ്പെട്ട വേദികളിൽ പ്രകടിപ്പിക്കാൻ നമുക്ക് സാധിക്കണം. നമ്മൾ തക്കസമയത്ത് പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്യാതിരുന്നാൽ രാഷ്ട്രം നമുക്കനുവദിച്ചു തന്നിട്ടുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടു പോകാനും സമാധാനപരമായി ദൈവാരാധന നടത്താനുള്ള അവകാശംപോലും ഇല്ലാതാകാനുള്ള സാഹചര്യവും സംജാതമായേക്കാം.

സഭയുടെ സ്വത്തുക്കളെയും അത്മായഗണത്തെയും സംരക്ഷിക്കാനെന്ന തരത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന കേരള ദൈവാലയ വസ്തുവകകളും സ്ഥാപനങ്ങളും 2019 എന്ന ബില്ലിന്റെ യഥാർത്ഥ ലക്ഷ്യം എന്താണെന്ന് നാം തിരിച്ചറിയണം. ക്രൈസ്തവ സഭാസ്വത്തുക്കളും സ്ഥാപനങ്ങളും ഏറ്റവും സുതാര്യമായാണ് കൈകാര്യം ചെയ്യപ്പെടുന്നത്. തർക്കങ്ങൾ ഉണ്ടായാൽ അവ തീർക്കുന്നതിന് ആവശ്യമായ സഭാനിയമങ്ങളും സിവിൽ നിയമങ്ങളും നിലവിലുണ്ട്. പിന്നെ എന്തിനാണ് ഇത്തരത്തിലുള്ള നീക്കം എന്നത് ഏറെ ഉത്കണ്ഠയുളവാക്കുന്നു. ഏറെ കൊട്ടിയാഘോഷിച്ച നവോത്ഥാന ചർച്ചയിൽ ക്രൈസ്തവ സമൂഹത്തെ പാടെ അവഹേളിക്കുന്ന നിലപാടുകളാണ് ഉത്തരവാദിത്വപ്പെട്ടവർ സ്വീകരിച്ചത്. കേരളത്തിന്റെ സാംസ്കാരിക-വിദ്യാഭ്യാസ സാമൂഹ്യക്ഷേമ രംഗങ്ങളിൽ ക്രൈസ്തവരുടെ സംഭാവനകളെ പാടെ തമസ്കരിക്കുകയും വിസ്മരിക്കുകയും ചെയ്യുന്ന ഇത്തരം നിലപാടുകൾ ചരിത്രം വളച്ചൊടിക്കലാണ്.

കേരളത്തിലെ കത്തോലിക്കാ സമുദായത്തിന്റെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ എന്നും മാതൃകാപരമായിരുന്നു. ഈ അടുത്തകാലത്തായി ഇറങ്ങിയിട്ടുള്ള പല സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണെന്ന്

തിരിച്ചറിയാതെ വയ്യ. പൊതുതെരഞ്ഞെടുപ്പ് അടുത്തെത്തിയിരിക്കുന്ന ഈ സാഹചര്യത്തിൽ ഭാരതത്തിന്റെ മതേതര നിലനില്പ് പ്രധാന ചർച്ചാവിഷയമാക്കേണ്ടതാണ്.

മേല്പറഞ്ഞ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് തൃശ്ശൂർ അതിരൂപത അത്മായ നേതൃസംഗമം, കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ, മാർച്ച് 3 ഞായറാഴ്ച, ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ടൗൺ ഹാളിൽ നടത്തപ്പെടുന്നത്. എല്ലാ ഇടവകകളിൽ നിന്നും ഭക്തസംഘടനകളിൽ നിന്നുമുള്ള പ്രതിനിധികൾ ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും കൈക്കാരന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ ഉൾപ്പെടെ 25 പേരുടെയെങ്കിലും സാന്നിധ്യം ഉറപ്പാക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. യാത്രാസൗകര്യങ്ങൾ ഇടവകയിൽ നിന്നും ക്രമീകരിക്കണമെന്നും താത്പര്യപ്പെടുന്നു.

നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ സംരക്ഷണത്തിന് നിങ്ങളേവരെയും ഭരമേല്പിച്ചുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2019 ഫെബ്രുവരി 24ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT